
# സെഹിയോൻ

## ബുള്ളറ്റിൻ

ഏപ്രിൽ | മെയ് | ജൂൺ 2023



## സെഹിയോൻ മാർത്തോമ്മാ ഇടവക


ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135

**REV. THOMAS MATHEW   Mob : 9745153653**

www.amalloorsehionmtc.org

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

സെഹിയോൻ ബുള്ളറ്റിൻ

ഏപ്രിൽ  മെയ്  ജൂൺ

2023



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായിരിക്കുന്ന യേശുക്രിസ്തുവിന്റെ പീഡാനുഭവ ചിന്തകളിലേക്ക് നാം പ്രവേശിച്ചിരിക്കുന്ന സന്ദർഭം ആകുന്നുവല്ലോ. AD 325 ലെ നിഖ്യാ സുന്നഹദോസ് തീരുമാനത്തിൽ ആരംഭിച്ച നോമ്പാണ് 50 ദിവസം നീണ്ടുനിൽക്കുന്ന വലിയ നോമ്പ്. AD 6-ാം നൂറ്റാണ്ടിൽ ആരംഭിച്ച നോമ്പാണ് ക്രിസ്തു ജയന്തിയുമായി ബന്ധപ്പെട്ട 25 നോമ്പ്. നോമ്പുകാലത്ത് എന്തെല്ലാം വർജ്ജിക്കണം എന്ന് കൃത്യമായ രൂപരേഖയില്ല. സാധാരണമായി മീനും, ഇറച്ചിയും, മുട്ടയും, പാലും ഒക്കെ വർജ്ജിക്കുന്നതാണ് പൊതുതത്വം. പീഡാനുഭവ വാരത്തിൽ ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിച്ചു അതിൽ നിന്നും ലഭിക്കുന്ന തുക സുവിശേഷ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഒരു പാരമ്പര്യം മാർത്തോമ്മാ സഭയ്ക്കുണ്ട്. അതിനാണ് 'ഉപോഷണം' എന്ന് പറയുന്നത്. പീഡാനുഭവ ആഴ്ചയിൽ നാം ഈ തുക പള്ളിയിൽ നൽകുന്നു.

പണ്ട് കഠിന വൃതാനുഷ്ഠാനങ്ങൾ ആയിരുന്നു നോമ്പിൽ ഉണ്ടായിരുന്നത്. ഒരു നേരം ഭക്ഷണം കഴിക്കുക, മത്സ്യമാംസാദികൾ ഒഴിവാക്കുക, ആരാധനയിൽ കൂടുതൽ സമയം ചെലവഴിക്കുക , ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക, തുടങ്ങിയ കാര്യങ്ങളിൽ നമ്മുടെ പിതാക്കന്മാർ ശ്രദ്ധാലുക്കൾ ആയിരുന്നു. നോമ്പ് ലംഘിച്ചാൽ പള്ളിക്ക് പുറത്താക്കൽ വരെ നടത്തിയിരുന്ന കാലം ഉണ്ടായിരുന്നു.

കോപവും, ക്രോധവും, അസൂയയും എല്ലാം വെടിഞ്ഞു വേണം നാം നോമ്പിൽ ഉപവസിക്കാൻ. മനസ്സിൽ നല്ല ചിന്തകൾ ഉണ്ടാകണം. സഹനത്തിനുള്ള ശക്തിയാണ് നോമ്പാചരണത്തിലൂടെ നേടേണ്ടത് . കാൽവറിയിലേക്ക് സഞ്ചരിക്കുന്ന സഹനത്തിന്റെ പ്രതീകമായ യേശുവിനെ വലിയ നോമ്പിന്റെ കാലങ്ങളിൽ നാം സ്മരിക്കുന്നു. കാൽവറിയിൽ ക്ഷമയും , പ്രത്യാശയും, കരുതലും, പാപപരിഹാരവും നമുക്ക് കാണാം. തന്നെ ദ്രോഹിക്കുന്നവർക്കായി പ്രാർത്ഥിക്കുന്ന മശിഹായെ അവിടെ ദർശിക്കാൻ കഴിയും. ഉയിർപ്പിന്റെ പ്രത്യാശയിലേക്കാണ് നോമ്പ് നമ്മെ നയിക്കുന്നത്. ദൈവ സന്നിധിയിൽ നാം നമ്മെ സമർപ്പിക്കുമ്പോൾ ദൈവാത്മാവ് നമ്മെ പുതിയ സത്യത്തിലേക്കും, പുതിയ ആകാശത്തിന്റെയും, പുതിയ ഭൂമിയുടെയും പാതയിലേക്കും നയിക്കുന്നു. സമസൃഷ്ടിയുടെ ആവശ്യങ്ങളെ കാണുവാനുള്ള കണ്ണും, കേൾക്കുവാനുള്ള കാതും, അറിഞ്ഞു പ്രവർത്തിക്കുവാനുള്ള കരുത്തും ദൈവം നമുക്ക് നൽകും.

ദൈവസ്നേഹത്തിൽ എല്ലാം ചെയ്യുവാനുള്ള പ്രാപ്തി നമുക്കു ലഭിക്കും. ദൈവസ്നേഹം നമ്മിൽ ഇല്ലെങ്കിൽ നമ്മുടെ അറിവിനും പരിജ്ഞാനത്തിനും ആരാധനയ്ക്കും ഒരു വിലയും ദൈവസന്നിധിയിൽ ഇല്ല. ഓടിക്കൊണ്ടിരിക്കുന്ന സൈക്കിൾ വീണു പോകാത്തത് അത് ഓടിക്കൊണ്ടിരിക്കുന്നതിനാലാണ്. അതുപോലെ വീണു പോകാത്ത സ്നേഹത്തിന്റെ യാത്ര തുടരാം. എന്നാണോ നമ്മുടെ ഉള്ളിലെ സ്നേഹപ്രവാഹം നിന്ന് പോകുന്നത് അന്ന്

നമ്മിൽ പതനത്തിന്റെ നാളുകൾ ആരംഭിക്കും. യേശു പറഞ്ഞു 'മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ' (മത്തായി 7:12). മറ്റുള്ളവരുടെ സ്നേഹം പ്രതീക്ഷിക്കുന്ന നാം ആ സ്നേഹം അവർക്കു നൽകാം. സ്നേഹിക്കുവാൻ ആരും ഇല്ലാത്തവരെ സ്നേഹിക്കുക. ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കുക.

വാശിയും, മത്സരവും, വൈരാഗ്യവും ഇന്ന് ലോകത്തിൽ വർധിച്ചു വരുന്നു. ഇതിനു പിന്നിലുള്ള ചേതോവികാരം മനുഷ്യന്റെ മനസ്സിൽ അവന് സ്വയം ചെറുതാകാൻ സാധിക്കാതെ പോകുന്നു എന്നതാണ്. ചെറുതാകാൻ തയ്യാർ അല്ലാത്തവർക്ക് ക്ഷമിക്കാനും, മറക്കാനും കഴികയില്ല. നാം അൽപം ചെറുതാകാൻ മനസ്സ് വെച്ചാൽ കുടുംബത്തിലെയും, സുഹൃദ്ബന്ധങ്ങളിലെയും സഹപ്രവർത്തകരുടെയും ഇടയിലുള്ള കലഹങ്ങൾ നീങ്ങിപ്പോകും. സമാധാനം സൃഷ്ടിക്കപെടുവാൻ ഇടയാകും. യേശു പറഞ്ഞു 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും' (മത്തായി 5:9). വലിയ മനുഷ്യർക്ക് മാത്രമേ ചെറുതാവാൻ സാധിക്കൂ. ചെറിയ മനുഷ്യൻ വലുതാകാൻ ശ്രമിക്കുന്നതിന്റെ ദൗർബല്യം ആണ് വഴക്കുകളും, കലഹങ്ങളും. അരയിൽ തൂവാല ചുറ്റി ശിഷ്യഗണത്തിന്റെ കാൽ കഴുകി തുടക്കുന്ന ക്രിസ്തു ആയിരിക്കട്ടെ നമ്മുടെ മാതൃക.

2022 -2023 സാമ്പത്തിക വർഷത്തിൽ ഇടവകയിൽ ശുശ്രൂഷ ചെയ്ത എല്ലാ ചുമതലക്കാർക്കും വിവിധ രീതിയിൽ ഇടവകയെ സഹായിച്ച ഏവർക്കും നന്ദി. പുതുവർഷത്തിലും പ്രവർത്തകരെ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്കു ഒന്നിച്ചു ദൈവരാജ്യ പ്രവർത്തനങ്ങളിൽ മുന്നേറാം.

സ്നേഹപൂർവ്വം,

**ജോസിയച്ചൻ**

## സഭാ വിശേഷദിവസങ്ങൾ

| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
|---|---|---|---|
| ഏപ്രിൽ | 2 | ഞായർ | ഹോശാന |
| ഏപ്രിൽ | 6 | വ്യാഴം | പെസഹ വ്യാഴം |
| ഏപ്രിൽ | 7 | വെള്ളി | ദുഃഖ വെള്ളി |
| ഏപ്രിൽ | 9 | ഞായർ | ഉയിർപ്പ് പെരുന്നാൾ |
| ഏപ്രിൽ | 16 | ഞായർ | പുതുഞായർ |
| മെയ് | 8 | തിങ്കൾ | യോഹന്നാൻ ശ്ലീഹാനാൾ |
| മെയ് | 18 | തിങ്കൾ | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| മെയ് | 28 | തിങ്കൾ | പെന്തെക്കോസ്ത് പെരുന്നാൾ |
| ജൂൺ | 4 | ഞായർ | വിദ്യാലയ വർഷാരംഭം |
| ജൂൺ | 11 | ഞായർ | പരിസ്ഥിതി ഞായർ |
| ജൂൺ | 16 | വെള്ളി | ശ്ലീഹാനോമ്പ് ആരംഭം |
| ജൂൺ | 29 | വ്യാഴം | ശ്ലീഹാനോമ്പ് വീടൽ |

# ആരാധനയിലെ അടയാളങ്ങളും പ്രതീകങ്ങളും
## (Signs & Symbols)

**ധൂപാർപ്പണം** ഭാഗം: 4

പുരാതന കാലത്തു ശ്രേഷ്ഠ വ്യക്തികളെ ബഹുമാനിക്കുന്നതിന് ധൂപം കാട്ടിയിരുന്നു. നമ്മുടെ ധൂപാർപ്പണം യെഹൂദ ആരാധനയിൽ നിന്നും രൂപം കൊണ്ടതാണ്. ദൈവീക പദ്ധതിയിൻ പ്രകാരം സമാഗമന കൂടാരം ആരംഭിച്ചതു മുതൽ ധൂപപീഠം ഉണ്ടായിരുന്നു (പുറ.30 :1-10 ). ദിവസം രണ്ടു പ്രാവശ്യം ധൂപം അർപ്പിക്കണം എന്ന് ദൈവത്തിന്റെ കല്പന ഉണ്ടായിരുന്നു. രാവിലെ യാഗം ആരംഭിക്കുന്നതിന് മുൻപും വൈകിട്ട് യാഗം അവസാനിക്കുമ്പോഴും ധൂപാർപ്പണം നടത്തിയിരുന്നു. പുരോഹിതന്മാർക്കാണ് ഇതിലെ ചുമതല (സംഖ്യാപുസ്തകം 16:7).

മേഘസ്തംഭം ദൈവീക സാന്നിധ്യത്തിന്റെ പ്രതീകമായി യിസ്രായേലിന്റെ ചരിത്രത്തിൽ കാണാം. "ആലയം പുകകൊണ്ട് നിറഞ്ഞു" എന്നത് ദൈവീക സാന്നിധ്യത്തിന്റെ പ്രതീകമാണ്. പുതിയ യിസ്രായേൽ ആകുന്ന ക്രിസ്തിയ സഭയിൽ ദൈവീക സാന്നിധ്യത്തിന്റെ പ്രതീകം കൂടിയാണ് ധൂപം. Christ gave himself for us as a sweetsmelling offering and sacrifice to God. ക്രിസ്തു നമുക്കായി സൗരഭ്യവാസനയായി എന്ന് പൗലോസ് രേഖപ്പെടുത്തുന്നു (എഫെ.5:1-2).

"ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്ന് ദൈവസന്നിധിയിലേക്ക് കയറി" (വെളി.8:4 ). ധൂപവർഗ്ഗത്തിന്റെ പുക ഉയരുന്നതുപോലെ നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു എന്നർത്ഥം. ആ ധൂപത്തിന്റെ സൗരഭ്യം ചുറ്റുപാടുകളിലേക്ക് പകരുകയും വേണം. നമ്മുടെ ജീവിതം സ്നേഹവും നന്മയും കൊണ്ട് മറ്റുള്ളവർക്ക് ആസ്വാദകരം ആകണം.

ധൂപവർഗ്ഗം ഉണ്ടാക്കുന്ന വിധം ദൈവം മോശക്ക് നൽകിയിരുന്നു (പുറ. 30:34 -38). നറുംപശ, ഗുൽഗുലു, ഹൽബാനപ്പശ, നിർമ്മലാ സാംബ്രാണി, ഉപ്പ് ഇവ ചേർത്ത് ഉണ്ടാക്കുന്നതായിരുന്നു പഴയനിയമകാലത്തെ ധൂപവർഗ്ഗം. ഇപ്പോൾ നാം ഉപയോഗിക്കുന്നത് കുന്തിരിക്കം (Frankicense) എന്ന വസ്തുവാണ്. ഇത് ഒരു മരത്തിന്റെ കറയാണ്. മരത്തിന്റെ ജീവനാണ് അതിന്റെ കറ. നമ്മുടെ ജീവിതം ആണ് ദൈവത്തിന് സൗരഭ്യവാസനയും പ്രസാദകരവുമാകേണ്ട ധൂപം. സ്വജീവനെ ദൈവത്തിന് സമർപ്പിക്കുന്നതിന്റെ പ്രതീകമാണ് ധൂപം. അതുകൊണ്ടാണ് ധൂപം വീശുന്ന ശുശ്രൂഷകൻ ജനങ്ങളെ വണങ്ങുമ്പോൾ ജനം സമർപ്പണത്തിന്റെ പ്രതീകമായി തല വണങ്ങുന്നത്. സമർപ്പണം ഇല്ലാത്തവൻ തല വണങ്ങാതിരിക്കുന്നു എന്നല്ലേ സത്യം.

**ധൂപക്കുറ്റി**

വിശുദ്ധ കുർബ്ബാനയിൽ ധൂപക്കുറ്റിക്ക് പ്രതീകാത്മക അർത്ഥതലങ്ങൾ ഉണ്ട്. ധൂപക്കുറ്റിക്ക് 4 ചങ്ങലകൾ ഉണ്ട്. ഓരോ ചങ്ങലകളിലും 3 മണികൾ വീതം 12 അപ്പോസ്തോലന്മാരുടെ എണ്ണത്തിന് അനുസരിച്ചു മണികൾ. 2 തട്ടുകൾ ഉള്ള ഒരു പാത്രമാണ് ധൂപക്കുറ്റിക്ക് ഉപയോഗിക്കുന്നത്. താഴത്തെ തട്ടുമായി 3 ചങ്ങലകളും മുകളിലത്തെ തട്ടുമായി ഒരു ചങ്ങലയും ബന്ധിച്ചിരിക്കുന്നു. മുകളിലത്തെ തട്ടിന് മുകളിലായി ഒരു കുരിശ് ഉണ്ടായിരിക്കും. താഴത്തെ തട്ടിൽനിന്നും പോകുന്ന 3 ചങ്ങലകൾ മുകളിൽ ഒന്നായി ചേരുന്നു. ത്രിത്വത്തിന്റെ പ്രതീകം കൂടിയാണിത്. താഴത്തെ തട്ട് ഭൂമിയെ സൂചിപ്പിക്കുന്നു. ഭൂമിയുടെ നിലനിൽപ്പ് ത്രിത്വത്തിലാണ്. മുകളിലത്തെ തട്ട് സ്വർഗ്ഗത്തെ അല്ലെങ്കിൽ ദൈവത്തിന്റെ

ഷെക്കീനയെ സൂചിപ്പിക്കുന്നു. ഭൂമിയുടെ പ്രതീകമായ താഴത്തെ തട്ടിൽ കരി ഇടുന്നു. കറുത്ത നിറം ഉള്ളതുകൊണ്ട് അതിനെ 'കരി' എന്ന് പറയുന്നു. അത് പാപത്തെ ചിത്രീകരിക്കുന്നു. ഭൂമിയിൽ പാപം നിറഞ്ഞിരിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായ തീ അതിലേക്കു പ്രവേശിക്കുമ്പോൾ കരിക്കട്ടക്ക് മാറ്റം വരുന്നു. അതേ കട്ടയെ പിന്നീട് നാം കരിക്കട്ട എന്നല്ല "കനൽക്കട്ട" എന്നാണ് വിളിക്കുന്നത്. ഒരേ വസ്തുവിന് രണ്ടു മാറ്റങ്ങൾ. രണ്ടിനും രണ്ട് സ്വഭാവങ്ങളാണ് ഉള്ളത്. പ്രകാശം ഇല്ലാതിരുന്ന വസ്തു പ്രകാശപൂർണ്ണമായി. ചൂടില്ലാതിരുന്നതിന് ചൂട് ഉണ്ടായി. കറുത്തനിറം ചുവപ്പായി. ഒരുവൻ ക്രിസ്തുവിലാകുന്നത് പരിശുദ്ധാത്മാവിലാണ്. അപ്പോൾ അവൻ പുതിയ സൃഷ്ടി ആയിത്തീരുന്നു എന്ന സത്യം ഇത് വെളിപ്പെടുത്തുന്നു. മനുഷ്യനെ പുതുക്കുന്നത് പരിശുദ്ധാത്മാവാകുന്ന തീയാണ്. പുതുക്കപ്പെട്ട മനുഷ്യനാണ് ദൈവത്തിന് സൗരഭ്യവാസനയായി തീരുന്നത്. അതിന്റെ പ്രതീകമാണ് കനലിന്മേൽ ഇടുന്ന കുന്തിരുക്കം. അത് ഒരു മരത്തിന്റെ കറയാണ്, ജീവനാണ്, അത് സൗരഭ്യവാസനയായി ഉയരുന്നു. കരിക്കട്ടയിൽ നിന്നും ഒരിക്കലും സൗരഭ്യവാസന ഉയരുകയില്ല. ആത്മാവിനാൽ പുതുക്കപ്പെട്ട ജീവിതം കർത്താവിൽ സൗരഭ്യവാസനയായി തീരുന്നു. സൗരഭ്യവാസനയായി തീരുന്ന നമ്മുടെ ജീവിതത്തിന്റെ പ്രതീകമാണ് ധൂപക്കുറ്റിയും ധൂപവും. അത് അംഗീകരിക്കുന്നതിന്റെ അടയാളമായാണ് നമുക്ക് നേരെ വീശുമ്പോൾ തല വണക്കുന്നത്. മുകളിലെ തട്ട് ഷെക്കീനയെ സൂചിപ്പിക്കുന്നു. പുതുസൃഷ്ടിയായ മനുഷ്യൻ കർത്താവിന്റെ സംരക്ഷണയിലാണ് എന്ന സൂചന നൽകുന്നു.

**ജോസിയച്ചൻ**

## ഞായറാഴ്ചകളിലെ പാഠം - വായനാഭാഗങ്ങൾ

| ഏപ്രിൽ | ഒന്നാം പാഠം | രണ്ടാം പാഠം | ലേഖനം | ഏവൻഗേലിയോൻ |
|---|---|---|---|---|
| 2 ഞായർ | സെഖ.9:1-12 | എബ്രാ 5:5-10 | കൊലൊ1:15-23 | മത്തായി 21:1-17 |
| 9 ഞായർ | യെശ. 60:12-22 | 1കൊരി 15:42-58 | 1കൊരി.15:20-28 | മർക്കോസ് 16:1-8 |
| 16 ഞായർ | ഉല്പ. 32:22-32 | കൊലൊ. 3:1-11 | കൊലൊ.1:15-23 | യോഹന്നാൻ20:24-29 |
| 23 ഞായർ | ഉല്പ. 18:1-10 | റോമ. 12:9-16 | എബ്രാ. 13:1-18 | യോഹന്നാൻ 21:1-14 |
| 30 ഞായർ | പുറ. 40:34-38 | അ.പ്ര.27:27-37 | 2കൊരി. 1:3-10 | ലൂക്കോസ് 24:13-35 |
| മെയ് | | | | |
| 07 ഞായർ | ആവ.15:7-11 | അ.പ്ര.4:32-37 | 2കൊരി.8:1-9 | മത്തായി 25:31-46 |
| 14 ഞായർ | യെശ.43:1-10 | എബ്രാ. 12:1-13 | 1തെസ. 2:1-12 | ലൂക്കോ. 24:36-49 |
| 21ഞായർ | യെശ. 59:20-60:3 | അ.പ്ര. 1:12-14 | എഫെ. 6:10-20 | യോഹന്നാൻ 16:5-13 |
| 28 ഞായർ | യോവേൽ. 2:28-32 | ഗലാ.5:22-26 | അ.പ്ര. 2:1-12 | യോഹന്നാൻ 14:14-21 |
| ജൂൺ | | | | |
| 04 ഞായർ | 1രാജ.3:3-14 | 1കൊരി.1:18-25 | എഫേ.1:15-19 | ലൂക്കോസ്. 2:41-52 |
| 11 ഞായർ | ഉല്പ.2:4-15 | വെളി.22:1-5 | കൊലൊ.1:9-20 | ലൂക്കോസ് 12:24-27 |
| 18 ഞായർ | യെശ.6:1-8 | വെളി.4:1-11 | എഫേ.3:14-19 | ലൂക്കോസ് 18:1-14 |
| 25 ഞായർ | യിര.1:1-11 | അ.പ്ര.9:1-15 | 1തിമോ.1:12-17 | മർക്കോസ് 3:13-19 |

# ഇടവക വാർത്തകൾ

**ഇടവക ചുമതലക്കാരുടെ തെരഞ്ഞെടുപ്പ്**: 2023 ഫെബ്രുവരി മാസം 5–ാം തീയതി ആരാധനാനന്തരം പള്ളിയിൽ വെച്ച് ഇടവക സംഘയോഗം കൂടുകയും താഴെ പറയുന്ന ഇടവക ഭാരവാഹികളെയും കമ്മറ്റി അംഗങ്ങളെയും ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും ചെയ്തു:

**ഇടവക ചുമതലക്കാർ**

| | | |
|---|---|---|
| പ്രസിഡന്റ് | – | റവ. തോമസ് മാത്യു . |
| വൈസ് പ്രസിഡന്റ് | – | പ്രൊഫ. സാംജി തോമസ്, മങ്ങാട്ട് |
| സെക്രട്ടറി | – | ശ്രീ വർഗ്ഗീസ് മാത്യു, കോളറേത്ത് |
| ട്രസ്റ്റി (മുതൽ ചുമതല) | – | ശ്രീ തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത് |
| ട്രസ്റ്റി (കണക്ക് ചുമതല) | – | ശ്രീ ജോസഫ് ചാക്കോ, നെല്ലിമൂട്ടിൽ |
| ആത്മായ ശുശ്രൂകർ | – | ശ്രീ ശ്രീ കെ ജി വർഗ്ഗീസ്, കണ്ണോത്ത്<br>ശ്രീ കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ |

ഇടവക ചുമതലക്കാരെ കൂടാതെ കമ്മിറ്റിയിലേക്ക് താഴെ പറയുന്ന അംഗങ്ങളെയും തെരഞ്ഞെടുത്തു:

**സംഘടനാ പ്രതിനിധികൾ**

| | | |
|---|---|---|
| ശ്രീമതി ബിനി സാംജി, മങ്ങാട്ട് | – | ഗായകസംഘം |
| ശ്രീമതി ജൂണോമ്മ ജേക്കബ്, കരിങ്ങോട്ട് | – | സേവികാസംഘം |
| പ്രൊഫ. ആലിസ് മാത്യു, നെല്ലിമൂട്ടിൽ | – | ഇടവകമിഷൻ |
| ശ്രീമതി സാറാമ്മ വർഗ്ഗീസ്, കോളറേത്ത് | – | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| കുമാരി സ്വേതാ ഷാജി കണ്ണോത്ത് | – | സണ്ടേസ്കൂൾ |
| ശ്രീ ദീപു ജോസഫ് തോമസ്, നെല്ലിമൂട്ടിൽ മന്നത്ത് | – | യുവജനസഖ്യം |

**പ്രാർത്ഥനായോഗം പ്രതിനിധികൾ**

| | | |
|---|---|---|
| ശ്രീ എം കെ ഫിലിപ്പ് , മഠത്തിലേട്ട് | – | ഒന്നാം ഗ്രൂപ്പ് |
| ശ്രീ തോമസ് മാത്യു, ഞാലിലേട്ട് | – | ഒന്നാം ഗ്രൂപ്പ് |
| ശ്രീ ഏബ്രഹാം ഈശോ റെജി, ഐക്കരേത്ത് | – | രണ്ടാം ഗ്രൂപ്പ് |
| ശ്രീ മാത്യു ചെറിയാൻ , പതാലിൽ | – | രണ്ടാം ഗ്രൂപ്പ് |
| ശ്രീ പി കെ തോമസ്, പറപ്പള്ളിൽ | – | മൂന്നാം ഗ്രൂപ്പ് |
| ശ്രീമതി സൂസൻ ശാമുവേൽ, നെല്ലിമൂട്ടിൽ | – | മൂന്നാം ഗ്രൂപ്പ് |

**സഭാപ്രതിനിധി മണ്ഡലാംഗം**

ശ്രീ ഏബ്രഹാം വർഗ്ഗീസ്, കണ്ണോത്ത് കാഞ്ഞിരമറ്റം

**ഭദ്രാസന അസംബ്ളി പ്രതിനിധികൾ**

ശ്രീ കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ

ശ്രീമതി രാജം.പി.റേച്ചൽ, കുഴിക്കാലായിൽ

**കണക്കുപരിശോധകരായി** താഴെ പറയുന്ന അംഗങ്ങളെയും തെരഞ്ഞെടുത്തു:

പ്രൊഫ. ഡോ. കെ.എസ്.ജോർജ്ജ്, കുഴുവിളയിൽ

ശ്രീ സാബു തോമസ്, കിഴക്കേതിൽ

**ഉമാപതി സന്ദർശനം**: ഇടവക വികാരി ശ്രീ തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ 6 അംഗ സംഘം 2023 ജനുവരി 2 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ ആന്ധ്രപ്രദേശിലും തെലങ്കാനയിലും ഉള്ള നമ്മുടെ നിരവധി മിഷൻ ഫീൽഡുകളും പള്ളികളും മറ്റു സ്ഥാപനങ്ങളും സന്ദർശിച്ചു. ഉമാപതി നഗർ സെഹിയോൻ മാർത്തോമ്മാ ഇടവകയും ആ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചത് കൂടാതെ നന്ത്യാൽ മാർത്തോമ്മാ മിഷൻ, ചാഗലമാരി മാർത്തോമ്മാ മിഷൻ, ശാന്തിമന്ദിരം മാർത്തോമ്മാ മിഷൻ, Mydukur മാർത്തോമ്മാ മിഷൻ, എബനേസർ മാർത്തോമ്മാ ഇടവക - ചാഗലമാരി, സ്നേഹ ജ്യോതി മാർത്തോമ്മാ വനിതാ ഹോസ്റ്റൽ, ബെഥേൽ മാർത്തോമ്മാ ഇടവക - Neredmet- സെക്കന്തരാബാദ് എന്നീ മാർത്തോമ്മാ സഭയുടെ സ്ഥാപനങ്ങളും പള്ളികളും സന്ദർശിച്ചു.

**അഖിലലോകസഭാ ഐക്യ പ്രാർത്ഥനാ വാരം**: 2023 ജനുവരി 24 മുതൽ 30 വരെ അഖിലലോകസഭാ ഐക്യ പ്രാർത്ഥനാ വാരത്തിന്റെ ഭാഗമായി കേരള കൗൺസിൽ ഓഫ് ചർച്ചസ്, തിരുവല്ല സോണിന്റെ ആഭിമുഖ്യത്തിൽ 2023 ജനുവരി 25-ാം തീയതി വൈകിട്ട് 5.30 ന് ആമല്ലൂർ സെഹിയോൻമാർത്തോമ്മാ ഇടവകയിൽ റവ. ബിനു വർഗ്ഗീസിന്റെയും ശ്രീമതി ആനി ചെറിയാന്റെയും നേതൃത്വത്തിൽ സഭാ ഐക്യ പ്രാർത്ഥന നടത്തുകയുണ്ടായി. ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവക വികാരി റവ. തോമസ് മാത്യു അദ്ധ്യക്ഷത വഹിക്കുകയും കമാൻഡർ ശ്രീ റ്റി. ഒ. ഏലിയാസ് മുഖ്യ സന്ദേശം നൽകുകയും ചെയ്തു.

**നോമ്പാചരണം**: പകുതിനോമ്പ് ആരംഭദിനമായ മാർച്ച് 15 മുതൽ ഉള്ള ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ പള്ളിയിൽ വെച്ച് സന്ധ്യാനമസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.

**നാൽപതാം വെള്ളി**: മാർച്ച് 31, വെള്ളിയാഴ്ച രാവിലെ 7.30 ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷ നടത്തപ്പെട്ടു. കുർബ്ബാനാനന്തരം പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

**ലഹരി വിരുദ്ധദിനം**: ലഹരി വിരുദ്ധദിനമായ ജനുവരി 8 -ാം തീയതി ഞായറാഴ്ച റവ. റ്റി. എ. ശാമുവേൽ വിശുദ്ധ കുർബ്ബാനയ്ക്ക് നേത്രത്വം വഹിക്കുകയും ലഹരി വിരുദ്ധദിന മെസ്സേജ് നൽകുകയും ചെയ്തു.

## ഇടവക അറിയിപ്പുകൾ

**ഹോശാന:** ഏപ്രിൽ 9-ാം തീയതി രാവിലെ 9.30 ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. റവ. ആശിഷ് ചെറിയാൻ ജോർജ് , മിഷനറി, ജഗദൽ മാർത്തോമ്മാ മിഷൻ, വെസ്റ്റ് ബംഗാൾ, വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം വഹിക്കും.

**പെസഹ:** ഏപ്രിൽ 6-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 6 മണിക്ക് പെസഹ ആരാധനയും വിശുദ്ധ കുർബാന ശുശ്രൂഷയും ആരംഭിക്കും.

**ദുഃഖവെള്ളി:** ദുഃഖവെള്ളിയാഴ്ചത്തെ ആരാധന രാവിലെ 8.30 ന് ആരംഭിക്കും. ആരാധനയ്ക്കു ശേഷം പതിവു പോലെ ഉച്ചയ്ക്ക് കഞ്ഞി ഉണ്ടായിരിക്കുന്നതാണ്.

**ഉയിർപ്പ് പെരുന്നാൾ**: ഏപ്രിൽ 9-ാം തീയതി രാവിലെ 6.30 ന് ഉയിർപ്പ് പെരുന്നാൾ വിശുദ്ധ കുർബ്ബാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. റവ. പി.ജെ.

അലക്സ് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം വഹിക്കും. ശുശ്രൂഷാനന്തരം പ്രഭാത ഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**വിദ്യാലയ വർഷാരംഭം:** ജൂൺ 4 -ാം തീയതി ഞായറാഴ്ച ആരാധനാമദ്ധ്യേ വിദ്യാലയ വർഷാരംഭ സ്തോത്രപ്രാർഥന ഉണ്ടായിരിക്കുന്നതാണ്.

### ആദരാഞ്ജലികൾ

1. മിസ്സ്. അല്ലി എം.കെ (62), മിഷൻസ് ഇന്ത്യ, 2022 ഡിസംബർ മാസം 29 -ാം തീയതി നിര്യാതയായി.
2. പതാലിൽ ശ്രീമതി സാറാമ്മ ചെറിയാൻ(94) 2023 ജനുവരി 12 -ാം തീയതി നിര്യാതയായി.
3. മൂലമണ്ണിൽ പ്രൊഫ.ഡോ.എം.ഓ. കോശി (78) 2023 ഫെബ്രുവരി 4-ാം തീയതി നിര്യാതനായി.

നിര്യാതരായ പ്രിയ ഇടവകാംഗങ്ങളുടെ ദേഹവിയോഗത്തിൽ ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ ഇടവകയുടെ ആദരാഞ്ജലികൾ.

### വിശുദ്ധ വിവാഹം

നയ്പ്പള്ളിൽ ശ്രീ എൻ ജി മാത്യുവിന്റെയും ശ്രീമതി മിനി മാത്യുവിന്റെയും മകൻ അശ്വിൻ വർഗ്ഗീസ് മാത്യുവും ചെന്നൈ ഹോളി ട്രിനിറ്റി സി.എസ്.ഐ കോൺഗ്രിഗേഷനിൽ ബെഥേൽ കല്ലുമണ്ണിൽ ശ്രീ മാത്യു ജേക്കബിന്റെയും ശ്രീമതി ശാലിനി മാത്യുവിന്റെയും മകൾ കെസിയ മിറിയം മാത്യുവും തമ്മിലുള്ള വി. വിവാഹം 2023 ജനുവരി 9 -ാം തീയതി നടത്തപ്പെട്ടു. കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.

### വിശുദ്ധ മാമ്മോദീസ

ചെറിവില്ല നവജീവോദയം ശ്രീ. ചെറിയാൻ കരിപ്പോലിൽ ജോർജ്ജിന്റേയും ശ്രീമതി സാറാ ചെറിയാന്റെയും മകൾ നയന എൽസബേത്ത് ചെറിയാൻ 2022 ഡിസംബർ 27-ാം തീയതി വിശുദ്ധ മാമ്മോദീസയിലൂടെ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ചു. പൈതലിനെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശംസിക്കുന്നു.

## സംഘടനാ വാർത്തകൾ

### ഇടവക മിഷൻ

നാലാം ചൊവ്വാഴ്ച ഒഴികെയുള്ള ചൊവ്വാഴ്ച്ചകളിൽ പള്ളിയിൽ വെച്ച് വൈകിട്ട് 4.30 ന് ഇടവക മിഷൻ മീറ്റിംഗ് നടത്തപ്പെടുന്നു. സന്നദ്ധ സുവിശേക സംഘം സെന്റർ മീറ്റിംഗ് ഇല്ലാത്ത എല്ലാ വെള്ളിയാഴ്ചകളിലും പള്ളിയിൽ വെച്ച് രാവിലെ 10 .30 ന് ഉപവാസപ്രാർത്ഥന നടത്തപ്പെടുന്നു.

എപ്രിൽ 28 ന് തിരുവല്ല ഈസ്റ്റ് സെന്റർ സന്നദ്ധസുവിശേഷക സംഘം വാർഷിക മീറ്റിംഗ് നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. നമ്മുടെ ഈ വർഷത്തെ ഇടവക മിഷൻ വാർഷിക മീറ്റിംഗ് സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്, സേവികാ സംഘം എന്നീ സംഘടനകളോടൊപ്പം ചേർന്ന് ഏപ്രിൽ 19 ന് രാവിലെ 10 മണിക്ക് നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെടും.

### സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട താഴെ പറയുന്ന ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

| | |
|---|---|
| ഏപ്രിൽ 25 | : വാനേത്ത് ശ്രീ. ജേർജ് വി. തോമസിന്റെ ഭവനത്തിൽ |
| മെയ് 23 | : നെല്ലിമൂട്ടിൽ ശ്രീ കുരുവിള വർഗീസിന്റെ ഭവനത്തിൽ |

ജൂൺ 27 : നെല്ലിമൂട്ടിൽ ശ്രീ. എൻ.പി. ശാമുവലിന്റെ ഭവനത്തിൽ

**സേവികാസംഘം**

ബുധനാഴ്ചകളിൽ രാവിലെ 7.30 ന് പള്ളിയിൽ വച്ചും മാസത്തിൽ ഒരു ബുധനാഴ്ച നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ചും മീറ്റിംഗ് നടത്തപ്പെടുന്നു.

കോട്ടേജ് മീറ്റിംഗുകൾ -

ഏപ്രിൽ 26 : തെക്കേമുറിയിൽ ശ്രീമതി അന്നമ്മ വർഗ്ഗീസിന്റെ ഭവനത്തിൽ
മെയ് 24 : നയ്പ്പള്ളിൽ ശ്രീമതി മിനി മാത്യുവിന്റെ ഭവനത്തിൽ
ജൂൺ 28 : വാനേത്ത് ശ്രീമതി സാറാമ്മ ജോർജ്ജിന്റെ ഭവനത്തിൽ

**യംഗ് വിമൻസ് ഫെല്ലോഷിപ്പ്**

എല്ലാ മാസത്തിന്റെയും രണ്ടാം ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു.

**യുവജനസഖ്യം**

പള്ളിയിൽ ആരാധനാനന്തരം മറ്റു പരിപാടികളുള്ള ദിവസങ്ങൾ ഒഴികെയുള്ള എല്ലാ ഞായറാഴ്ചകളിലും ആരാധനാനന്തരം പള്ളിയിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുകയും നാലാം ഞാറാഴ്ചകളിൽ വൈകിട്ട് 5 മണിക്ക് കോട്ടേജ് പ്രയർ നടത്തപ്പെടുകയും ചെയ്യുന്നു.

**ഗായകസംഘം**

ഗായകസംഘത്തിന്റെ ഗാനപരിശീലനം ശനിയാഴ്ചകളിൽ വൈകുന്നേരം 5 മണിക്ക് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

**സണ്ടേസ്കൂൾ**

ഞായറാഴ്ച രാവിലെ 7.30 ന് ക്ലാസുകൾ ആരംഭിക്കുന്നു. 2023 വർഷത്തെ വി. ബി. എസ് ക്ലാസുകൾ ഏപ്രിൽ 10 -ാം തീയതി രാവിലെ മുതൽ 18-ാം തീയതി വരെ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

## ബൈബിൾ ക്വിസ് - എസ്രാ

1. ‘‘യെഹൂദയിലെ യെരുശലേമിൽ യഹോവയ്ക്ക് ഒരാലയം പണിവാൻ എന്നോട് കല്പിച്ചിരിക്കുന്നു.‘ എന്ത് നിവൃത്തിയാകുന്നതിന് വേണ്ടിയാണ് ഈ വിളംബരം ?
2. നെബൂഖദ്നേസർ യെരുശലേമിൽ നിന്ന് കൊണ്ടുപോയി ക്ഷേത്രത്തിൽ വച്ചിരുന്ന ഉപകരണങ്ങൾ ആര് മുഖേനയാണ് കോരെശ് പുറത്തെടുപ്പിച്ചത് ?
3. യെരുശലേമിൽ മടങ്ങി വന്നപ്പോൾ ഹോമയാഗത്തിനായുള്ള യാഗപീഠം പണിതതാര് ?
4. മടങ്ങി വന്നവർ എന്ന് മുതലാണ് ഹോമയാഗം കഴിക്കാൻ തുടങ്ങിയത്?
5. എത്ര വയസ്സ് മുതലുള്ള ലേവ്യരെയാണ് ആലയം പണി നടത്തുവാൻ നിയമിച്ചത് ?
6. യഹോവയുടെ മന്ദിരം പണിയാൻ അടിസ്ഥാനം ഇട്ടപ്പോൾ ഗാനം പാടാൻ കാഹളത്തോട് കൂടി നിർത്തിയത് ആരെ ?
7. ആലയത്തിന്റെ അടിസ്ഥാനം ഇട്ടസമയത്ത് ഉറക്കെ കരഞ്ഞവർ ആരെല്ലാം ?
8. ‘ഞങ്ങൾ നിങ്ങളോടുകൂടെ പണിയട്ടെ ‘ആര് ആരോട് പറഞ്ഞു ?
9. യെരുശലേം പുതുക്കിപ്പണിയുന്നത് നിർത്തിവക്കൽ കല്പന കൊടുത്ത രാജാവാര് ?
10. മുടങ്ങി കിടന്ന യെരുശലേം ദൈവാലയ പണി പുനരാരംഭിക്കാൻ പ്രേരിപ്പിച്ച പ്രവാചകന്മാർ ആരെല്ലാം ?

11. പുതുക്കി പണിയുന്ന യെരുശലേം ദൈവാലയത്തിന്റെ അടിസ്ഥാനം ഇട്ട ദേശാധിപതി ആര് ?
12. 'ഈ ദൈവാലയത്തിന്റെ പണിക്കാര്യത്തിനു നിങ്ങൾ ഇടപെടരുത് ' എന്ന് രാജാവ് ആരെക്കുറിച്ചാണ് പറഞ്ഞത് ?
13. ദൈവാലയ പ്രതിഷ്ഠയ്ക്ക് പാപയാഗമായി 12 വെള്ളാട്ടുകൊറ്റന്മാരെ യാഗം കഴിച്ചു. എന്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തത് ?
14. ദൈവാലയം പുതുക്കിപ്പണിതശേഷം പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ 7 ദിവസം സന്തോഷത്തോടെ ആചരിക്കുവാനുണ്ടായ രണ്ട് പ്രധാന കാരണങ്ങൾ ഏതെല്ലാം ?
15. ആരുടെ പാരമ്പര്യത്തിൽ പെട്ടവനായിരുന്നു എസ്രാ ?
16. ദൈവാലയ ശുശ്രൂകന്മാരുടെ ഇടയിൽ വിവേകമുള്ള പുരുഷൻ എന്ന് പേര് പറയപ്പെട്ടിരിക്കുന്നത് ആർക്ക് ?
17. എവിടെ നിന്നുമാണ് എസ്രയും കൂട്ടരും യെരുശലേമിലേക്ക് യാത്ര പുറപ്പെട്ടത് ?
18. യിസ്രായേല്യർ വിവാഹം കഴിച്ച അന്യജാതിക്കാരത്തികളെയും അവരിൽ ജനിച്ച മക്കളെയും ഉപേക്ഷിക്കുന്നതിനായി ദൈവത്തോട് നിയമം ചെയ്യുവാൻ ജനത്തെ ഉപദേശിക്കുന്നതിന് എസ്രായ്ക്കു ആലോചന നൽകിയത് ആര് ?
19. എന്ത് വർത്തമാനം കേട്ടപ്പോഴാണ് എസ്ര തന്റെ വസ്ത്രവും മേലങ്കിയും കീറി സ്തംഭിച്ചു കുത്തിയിരുന്നത് ?
20. തങ്ങളുടെ കുറ്റം ക്ഷമിക്കപ്പെടേണ്ടതിനായി ഓരോ ആട്ടുകൊറ്റനെ യാഗം കഴിച്ച് അന്യജാതിക്കാരായ ഭാര്യമാരെ ഉപേക്ഷിച്ച പുരോഹിതന്മാർ ആരെല്ലാം?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2023 മെയ് 31**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

(എഫെസ്യലേഖനത്തിലെ ശരിയുത്തരങ്ങൾ)

1. ക്രിസ്തുവിനെ കൂടാതെ ഉള്ളവരും യിസ്രായേൽ പൗരതയോട് സംബന്ധം ഇല്ലാത്തവരും, വാഗ്ദത്ത നിയമങ്ങൾക്ക് അന്യരും, പ്രത്യാശ ഇല്ലാത്തവരും, ദൈവമില്ലാത്തവരും. (2 :12)
2. ക്രിസ്തുമുഖാന്തരം നമുക്ക് ദൈവത്തിങ്കലേക്ക് പ്രവേശനം ലഭിച്ചതുകൊണ്ട് (2:18-19)
3. കൃപ (4:7)
4. ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം (2:14)
5. അപ്പോസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷകർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ (4:13)
6. ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ചു (3:8-9)
7. ജാതികൾ (4:19)
8. സുവിശേഷ മർമ്മം പ്രഗൽഭ്യത്തോടെ അറിയിപ്പാൻ വചനം നൽകപ്പെടേണ്ടതിനും, സംസാരിക്കാൻ കഴിയേണ്ടതിനും (6:19-20)
9. ക്രിസ്തു അവരുടെമേൽ പ്രകാശിക്കും (5:4)
10. ദൈവത്തിന്റെ ജീവനിൽനിന്ന് അകന്ന് (4:19)
11. വിഗ്രഹാരാധികനോട് (5:5)
12. കർത്താവായ യേശുക്രിസ്തു (1:2, 6:23)
13. വെളിച്ചത്തിൽ ഉള്ളവർ (5:9)
14. ദൈവത്തിന്റെ പരിശുദ്ധാത്മാവ് (4:30)
15. ലോകം (2:2) പിശാച് (2:2) ജഡം (2:3)
16. വിശ്വാസികൾ പൗലോസിന്റെ വസ്തുത അറിവാനും അവരുടെ

ഹൃദയത്തെ ആശ്വസിപ്പിക്കാനും (6:22)
17. ഭാര്യയെ സ്നേഹിക്കുന്നവൻ (5:28)
18. ദുർദിനത്തിൽ എതിർപ്പാനും അവസാനം വരെ ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന് വേണ്ടി (6:13)
19. അന്യോന്യം കീഴ്പെട്ടിരിക്കണം (5:21)
20. ശരീരമായ സഭ (1:23) ദൈവഭവനം (2:19) വിശുദ്ധമന്ദിരം (2:2021) അവയവങ്ങൾ (4:25) വെളിച്ചം (5:8) ഭാര്യാഭർത്താക്കന്മാർ (5:22) പടയാളി (6:13)

## ബൈബിൾ ക്വിസ്സ് കഴിഞ്ഞ ലക്കത്തിൽ സമ്മാനാർഹരായവർ

1. ശ്രീമതി ബിനി സാംജി, മങ്ങാട്ട് & ശ്രീമതി സാലി കോശി, പടിഞ്ഞാറേക്കൂറ്റ്
2. ശ്രീമതി ജൂണോമ്മ ജേക്കബ്, കരിങ്ങോട്ട്

## ആരാധനാ സഹായ ക്രമീകരണങ്ങൾ - പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ

| | |
|---|---|
| 02.04.2023 | സണ്ടേസ്കൂൾ |
| 09.04.2023 | കൈസ്ഥാന സമിതി |
| 16.04.2023 | ഇടവക മിഷൻ |
| 23.04.2023 | സേവികാ സംഘം |
| 30.04.2023 | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 07.05.2023 | ഗായകസംഘം |
| 14.05.2023 | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 21.05.2023 | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 28.05.2023 | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 04.06.2023 | സണ്ടേസ്കൂൾ |
| 11.06.2023 | യുവജന സഖ്യം |
| 18.06.2023 | യീഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 25.06.2023 | സേവികാ സംഘം |

## ഫലിതം

### ഗുരുത്വം

അച്ചൻ ബസ്സിൽ കയറിയപാടേ ഒരു കുട്ടി ചാടി എഴുന്നേറ്റു. (അച്ചന് ഇഷ്ടമായി. ഇപ്പോഴത്തെ കാലത്തു ഇതുപോലുള്ള കുഞ്ഞുങ്ങളുണ്ടല്ലേ ?)
അച്ചൻ അവനെ പിടിച്ചിരുത്തി അവനോട് '*ഞാൻ നിൽക്കുന്നത് ഓർത്ത് വിഷമിക്കണ്ട.*'
കുട്ടി പിന്നെയും ചാടി എഴുന്നേറ്റു. ഇത്തവണ ബലമായി അവനെ പിടിച്ചിരുത്തി.
അവനു കലികയറി. '*അച്ചൻ കൊള്ളാമല്ലോ, എനിക്ക് ഇറങ്ങേണ്ട സ്റ്റോപ്പായി*'

### ചൂടുള്ള വാർത്ത

വല്യപ്പച്ചൻ കുഞ്ഞുമോളോട് - *ഇതെന്നാടീ നിന്റെ ചെവി പൊള്ളിയിരിക്കുന്നത്. എന്തുപറ്റി ?*
*അപ്പച്ചാ, ഞാൻ തുണി തേച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഫോൺ കോൾ വന്നു . എന്റെ ധൃതിയ്ക്ക് ഫോണാണെന്നു വിചാരിച്ചു തേപ്പുപെട്ടി ചെവിയോട് അടുപ്പിച്ചതാ.*

**(കുരുവിള എൻ. കുരുവിള, നെല്ലിമൂട്ടിൽ)**

| ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ | | | |
|---|---|---|---|
| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
| | 4.00 പി.എം | 3.00 പി.എം | 5.00 പി.എം |
| 02.04.2023 | ഹോശാന ഞായർ | | |
| 09.04.2023 | ഉയിർപ്പ് പെരുനാൾ | | |
| 09.04.2023 | | | രാജി.എൻ. കുരുവിള, നെല്ലിമൂട്ടിൽ |
| 16.04.2023 | കെ.സി.നൈനാൻ, കോതപ്പുഴശ്ശേരിൽ | ജോൺ തോമസ് മഠത്തിലോട്ട് | പാറേൽ വർഗ്ഗീസ് തോമസ്, മൂൺ കോട്ടജ് |
| 23.04.2023 | സംയുക്ത പ്രാർത്ഥന - രണ്ടാം ഗ്രൂപ്പ് | | |
| 30.04.2023 | വൽസാ സ്കറിയ, ആനിക്കാട്ട് | ബാബു തോമസ്, വടക്കേപ്പറമ്പിൽ | അച്ചാമ്മ ജോസഫ്, കിഴക്കേതിൽ |
| 07.05.2023 | പ്രൊഫ. സാംജി തോമസ്, മങ്ങാട്ട് | സാബു വർഗീസ് കൂര്യൻ, വിളക്കുപ്പാട്ടം | കുരുവിള വർഗീസ്, നെല്ലിമൂട്ടിൽ |
| 14.05.2023 | ഐസക് ഉമ്മൻ, പ്ലാപ്പറ | കെ.വി. തോമസ്, കണ്ണോത്ത് (കാക്കത്തുരുത്ത്) | ഷിബു മാത്യു കുന്നത്തുപറമ്പിൽ |
| 21.05.2023 | ഈശോമാത്യു, മഠത്തിലേട്ട് | ഏബ്രഹാം വർഗ്ഗീസ്, വെണ്മണി പുത്തനിട്ടയിൽ | സാബു തോമസ്, കിഴക്കേതിൽ |
| 28.05.2023 | സംയുക്ത പ്രാർത്ഥന - മൂന്നാം ഗ്രൂപ്പ് - തോമസ് ജോസഫ്, നെല്ലിമൂട്ടിൽ മന്നത്ത് | | |
| 04.06.2023 | | മാത്യു ചെറിയാൻ, പതാലിൽ | ഏലിയാമ്മ ജോർജ്ജ്, പുതുപറമ്പിൽ |
| 11.06.2023 | | ഏബ്രഹാം ഈശോ റെജി, ഐക്കരേത്ത് | ആലീസ് അലക്സാണ്ടർ, കന്നിമെക്കോണിൽ |
| 18.06.2023 | കെ.എ. ഏബ്രഹാം, കണ്ണോത്ത് | ജോയ്സൺ കെ.എം, കണ്ണോത്ത്, കല്ലുമൂല | പ്രൊഫ. ഡോ. കെ.എസ്. ജോർജ്ജ്, കുഴുവിളയിൽ |
| 25.06.203 | സംയുക്ത പ്രാർത്ഥന - ഒന്നാം ഗ്രൂപ്പ് | | |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2023 ജൂലൈ - സെപ്റ്റംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടേയും സംഘടനകളുടേയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ജൂൺ 15-ാം തീയതിക്കു മുമ്പായി സെക്രട്ടറിയെ ഏൽപ്പിക്കുവാൻ പ്രാർത്ഥാനഗ്രൂപ്പുകളുടേയും പോഷകസംഘടനകളുടേയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

## ഇടവകയിലെ സാധാരണ പരിപാടികൾ

| | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസ പ്രാർത്ഥന |
| 4-ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 2-ാം ഞായർ വൈകിട്ട് 5.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘം പരിശീലനം |

**മാസത്തിൽ ഒരു വ്യാഴാഴ്ച രാവിലെ 10 മണിക്ക് പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം**




Redmedia | 8281656412